LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാർ പ്രാകൃത മർദ്ദനമുറകൾ ഉപയോഗിച്ച സംഭവം

238 (242) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഠിനംകുളം പുതുവൽപ്പള്ളിയിലെ വീട്ടിൽ അജീഷിനെ മഫ്തിയിലെത്തിയ പോലീസുകാർ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി മർദ്ദിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അജീഷിനെ കമിഴ്ത്തിക്കിടത്തി കാലിലും കൈയ്യിലും പോലീസുകാർ പിടിച്ചുവച്ച് തേങ്ങാകൊണ്ട് മുതുകിൽ ഇടിക്കുകയും കാന്താരിമുളക് ജനനേന്ദ്രിയത്തിലും മലദ്വാരത്തിലും തേച്ച് പീഡിപ്പിക്കുകയും ചെയ്തുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടിയെടുത്തുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കഠിനംകുളം പുതുവൽപ്പള്ളിയിലെ വീട്ടിൽ അജീഷിനെ മഫ്തിയിലെത്തിയ പോലീസുകാർ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മർദ്ദിച്ചതായി വെളിവായിട്ടില്ല.

(ബി) ഇത്തരത്തിൽ ദേഹോപദ്രവം ഏൽപ്പിച്ചതായി വെളിവായിട്ടില്ല.

(സി) ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ, ഗുരുതരമായ കൃത്യവിലോപം നടത്തിയതിന് കഴക്കൂട്ടം എസ്.ഐ. ശ്രീ. കെ. രാജേന്ദ്രൻ നായരെ സസ്പെന്റ് ചെയ്യുകയും ടിയാനെതിരെയും കഴക്കൂട്ടം സി.ഐ. ശ്രീ. അരുണിനെതിരെയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ

239 (243) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിവിധ ജയിലുകളിലായി ശിക്ഷാ കാലാവധി കഴിഞ്ഞ എത്ര തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തടവുകാരെ മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ :

(സി) ഇത്തരം തടവുകാരെ മോചിപ്പിക്കുന്നതിൽ നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?